ഉത്തരം

(എ-സി) 2011-ലെ 44-ാം നമ്പർ ഓർഡിനൻസ് വിവിധ കാരണങ്ങളാൽ നിയമമാക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിൽ ഉൾപ്പെടുത്തിയിരുന്ന ആർബിട്രേഷൻ കോടതി പ്രീസൈഡിംഗ് ഓഫീസർമാരുടെ യോഗ്യതകൾ സംബന്ധിച്ച് ഭേദഗതി വ്യവസ്ഥ, '7 വർഷത്തെ അഭിഭാഷകവൃത്തി പരിചയം, സേവനകാലം 3 വർഷം' എന്നിങ്ങനെ ഭേദഗതി വരുത്തി 14-2-2012-ലെ 137/2012 നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവായിട്ടുണ്ട്.

കൺസ്യൂമർഫെഡ്

96 (2334) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിനുകീഴിൽ എത്ര നന്മസ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

(ബി) കൺസ്യൂമർ ഫെഡിനുകീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര ത്രിവേണി, നന്മ സ്റ്റോറുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) കൺസ്യൂമർ ഫെഡിന്റെ വിവിധ സ്റ്റോറുകളിലേക്ക് സാധനങ്ങൾ വാങ്ങിയ വകയിൽ വിതരണക്കാർക്ക് എത്ര രൂപ കൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന ജില്ലാ ബാങ്കുകൾക്കും മറ്റും കൺസ്യൂമർ ഫെഡ് എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേരെ ജീവനക്കാരായി നിയമിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡിനു കീഴിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 87 ത്രിവേണി സ്റ്റോറുകളും 865 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ നടത്തുന്ന 751 നന്മ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	തിരുവേണി	കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകൾ	സഹകരണ സംഘങ്ങൾ വഴി നടത്തുന്ന നന്മ സ്റ്റോറുകൾ
തിരുവനന്തപുരം	4	121	130
കൊല്ലം	12	198	165
പത്തനംതിട്ട	3	135	108
ആലപ്പുഴ	10	69	51
കോട്ടയം	14	34	12
ഇടുക്കി	4	30	27
എറണാകുളം	15	57	20
തൃശ്ശൂർ	10	40	39
പാലക്കാട്	1	50	19
മലപ്പുറം	ഇല്ല	75	25
കോഴിക്കോട്	10	20	40
വയനാട്	2	9	23
കണ്ണൂർ	2	19	50
കാസർഗോഡ്	ഇല്ല	8	42
ആകെ	87	865	751

(ബി) കൺസ്യൂമർഫെഡിന്റെ കീഴിൽ 11 തിരുവേണി സ്റ്റോറുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. നന്മ സ്റ്റോറുകൾ ഒന്നുംതന്നെ ലാഭത്തിൽ പ്രവർത്തിക്കുന്നില്ല. ലാഭത്തിൽ പ്രവർത്തിക്കുന്ന തിരുവേണി സ്റ്റോറുകളുടെ വിവരങ്ങൾ ഇനിപ്പറയും പ്രകാരമാണ്.

ക്രമ നമ്പർ	തിരുവേണി സ്റ്റോറുകൾ
1	അഗളി, പാലക്കാട്
2	കുട്ടനാട്, പാലക്കാട്
3	പട്ടാമ്പി, പാലക്കാട്
4	ചേർപ്പുളശ്ശേരി, പാലക്കാട്

5 ചിറ്റൂർ, പാലക്കാട്

6 ഗാന്ധിനഗർ, എറണാകുളം

7 ചേരാനല്ലൂർ, എറണാകുളം

8 പൊടിയാടി, പത്തനംതിട്ട

9 എൻ.റ്റിപി.സി., ചേപ്പാട്,ആലപ്പുഴ

10. ചാരുംമൂട്, ആലപ്പുഴ

11. മാവേലിക്കര, ആലപ്പുഴ

(സി) 31-10-2014 വരെ കൺസ്യൂമർഫെഡിന്റെ വിവിധ സ്റ്റോറുകളിലേക്ക് സാധനങ്ങൾ വാങ്ങിയ വകയിൽ വിതരണക്കാർക്ക് 382.41 കോടി രൂപ ഫെഡറേഷൻ കൊടുക്കാനുണ്ട്.

(ഡി) സംസ്ഥാന-ജില്ലാ ബാങ്കുകൾക്കും മറ്റും കൺസ്യൂമർഫെഡ് 422.72 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശ്രിത നിയമനം പദ്ധതി പ്രകാരം 9 പേർക്ക് സ്ഥിരം നിയമനവും 4132 പേരെ ദിവസവേതനാടി സ്ഥാനത്തിലും നിയോഗിച്ചിട്ടുണ്ട്.

. സഹകരണ സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങൾ

97 (2335) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്ക് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകുന്നത് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവർത്തനം അവസാനിപ്പിച്ച എത്ര സംഘങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ വിവരം ചുവടെ പരാമർശിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly